**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3510** **15-02-2024 - ൽ മറുപടിയ്ക്ക്**

**വനഭൂമി കൈവശം വച്ചിരുന്നവർക്ക് പട്ടയം പതിച്ച് നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 4.11.2023-ലെ ജി ഒ (ആർ റ്റി) നം. 3966/2023/ ആർ ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ വനഭൂമിയിൽ ജണ്ട കെട്ടി വേർതിരിച്ച് കൈവശം വച്ച് വരുന്ന ഭൂമിക്ക് പട്ടയം പതിച്ച് നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 4.11.2023-ലെ ജി. ഒ (ആർ റ്റി) നം. 3966/2023/ ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ വനഭൂമിയിൽ ജണ്ട കെട്ടി വേർതിരിച്ച് കൈവശം വച്ച് വരുന്ന ഭൂമിക്ക് പട്ടയം പതിച്ച് നൽകുന്നതിന് ഉത്തരവായിട്ടില്ല.<br><br>ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ റവന്യൂ രേഖകളിൽ 'പുരയിടം' 'തരിശ്' 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതിചെയ്യുന്നതുമായ ഭൂമി കൈവശം വച്ചിരിക്കുന്ന സംഗതികളിൽ, 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 1 A ലെ ഒഴിവാക്കൽ വ്യവസ്ഥയുടെ പരിധിയിൽ വരാത്തതും, പ്രസുതത ചട്ടങ്ങളിലെ ചട്ടം E പ്രകാരം നിർവ്വചിച്ചിട്ടുള്ള "സർക്കാർ ഭൂമി" എന്നതിന്റെ പരിധിയിൽ വരുന്നതുമായ ഭൂമി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4-ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടി 5, 6 ചട്ടങ്ങളിലെ പരിധി സംബന്ധിച്ച നിബന്ധന വ്യവസ്ഥകൾക്കും വിധേയമായി പട്ടികജാതി/ പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവായ 02.06.2020 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 2020/2020/റവ, 25.01.2021 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 277/2021/റവ നമ്പർ ഉത്തരവുകളിൽ ഭേദഗതി വരുത്തിയാണ് 4.11.2023-ലെ ജി ഒ (ആർ.റ്റി) നം. 3966/2023/ ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.<br><br>BTR പ്രകാരം 'പുറമ്പോക്ക്' എന്നും പട്ടാദാരന്റെ പേര് "സർക്കാർ" എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിമാർക്ക്സ് കോളത്തിൽ "റിസർവ്വ് വനം" എന്ന് രേഖപ്പെടുത്തിയിട്ടുമുള്ളതിനാൽ ഭൂമി പതിച്ചു |

നൽകുന്നതിൽ ചില എതിർപ്പുകൾ ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ സ്പഷ്ടീകരണം വേണമെന്നും റിസർവ്വ് വനഭൂമി പ്രത്യേകമായി ജണ്ടയിട്ട് തിരിച്ചിട്ടുണ്ടെങ്കിലും റീസർവ്വേ നടന്നപ്പോൾ സബ് ഡിവിഷൻ നടത്താതെ പ്രസ്തുത ഭൂപ്രദേശം ഒന്നാകെ ഒരു മൈനർ സർക്യൂട്ട് ആയി സർവ്വെ ചെയ്തതുമൂലം മൈനർ സർക്യൂട്ടിനുള്ളിൽ വനഭൂമിയും ജണ്ടക്ക് പുറത്തുള്ള ജനവാസമേഖലയും ഉൾപ്പെട്ടു വന്നതുമൂലമാണ് മുഴുവൻ ഭൂമിയുടെയും റിമാർക്സ് കോളത്തിൽ റിസർവ്വ് വനം എന്ന് രേഖപ്പെടുത്താൻ ഇടയായത് എന്നും ഇടുക്കി ജില്ലാ കളക്ടർ വിശദീകരണം നൽകിയിരുന്നു. ഭൂമി തലമുറകളായി കൈവശം വച്ച് കൃഷി ചെയ്തു വരുന്നതിനാൽ കൈവശത്തിന്റെ കാലപഴക്കം നിർണ്ണയിക്കുവാൻ കഴിയാത്തവിധം ഈ പ്രദേശങ്ങൾ എല്ലാം തന്നെ പൂർണ്ണമായി ജനവാസ മേഖലയാണെന്നും, കൂടാതെ സെറ്റിൽമെന്റ് രജിസ്റ്റർ, പഴയ BTR എന്നിവയിൽ റിസർവ്വ് വനം എന്ന രേഖപ്പെടുത്തലുകൾ ഇല്ലെന്നും ജില്ലാ കളക്ടർ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതും സെറ്റിൽമെന്റ് രജിസ്റ്റർ, റീസർവ്വേയ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന BTR എന്നിവ പ്രകാരം പുറമ്പോക്ക്/പുരയിടം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ റവന്യൂ രേഖകളിൽ പട്ടാദാരന്റെ പേര് "സർക്കാർ" എന്നും വസ്തുവിന്റെ വിവരണം/റിമാർക്സ് എന്നീ കോളങ്ങളിൽ "റിസർവ്വ് വനം" എന്നും രേഖപ്പെടുത്തിയിട്ടുള്ള ഭൂമികളിലെ റിസർവ്വ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതിരിക്കുന്ന സാഹചര്യത്തിൽ അത്തരം രേഖപ്പെടുത്തലുകൾ കണക്കിലെടുക്കാതെ തന്നെ 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പ്രസ്തുത ഭൂമിയുടെ പതിവിനുള്ള യോഗ്യത/വിനിയോഗം/ കൈവശങ്ങളുടെ പഴക്കം/സ്വഭാവം എന്നിവ പരിഗണിച്ച് യോഗ്യമായ കൈവശങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേ സബ്ബ് ഡിവിഷൻ ചെയ്ത് ടി ഭൂമിയുടെ തൽസ്ഥിതി പ്രകാരം റിക്കോർഡുകൾ തയ്യാറാക്കി പതിവ് നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് 02.06.2020 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 2020/2020/റവ, 25.01.2021 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 277/2021/റവ നമ്പർ ഉത്തരവുകളിൽ വ്യക്ത വരുത്തിയാണ് 4.11.2023-ലെ ജി. ഒ (ആർ റ്റി) നം. 3966/2023/ആർ ഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| | | | പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വിഷയം മറ്റ് ജില്ലകളിൽ കണ്ടെത്തുകയാണെങ്കിൽ ഉത്തരവ് മറ്റ് ജില്ലകൾക്ക് കൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ് |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ വനഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം പതിച്ച് നൽകുന്നതിന് കൂടി തയ്യാറാകുമോ; ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | 4.11.2023-ലെ ജി. ഒ (ആർ റ്റി) നം. 3966/2023/ ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ വനഭൂമിയിൽ ജണ്ട കെട്ടി വേർതിരിച്ച് കൈവശം വച്ച് വരുന്ന ഭൂമിക്ക് പട്ടയം പതിച്ച് നൽകുന്നതിന് ഉത്തരവായിട്ടില്ല.<br><br>ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ റവന്യൂ രേഖകളിൽ 'പുരയിടം' 'തരിശ്' 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തു സ്ഥിതിചെയ്യുന്നതുമായ ഭൂമി കൈവശം വച്ചിരിക്കുന്ന സംഗതികളിൽ, 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 1 A ലെ ഒഴിവാക്കൽ വ്യവസ്ഥയുടെ പരിധിയിൽ വരാത്തതും, പ്രസുതുത ചട്ടങ്ങളിലെ ചട്ടം E പ്രകാരം നിർവ്വചിച്ചിട്ടുള്ള "സർക്കാർ ഭൂമി" എന്നതിന്റെ പരിധിയിൽ വരുന്നതുമായ ഭൂമി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4-ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടി 5, 6 ചട്ടങ്ങളിലെ പരിധി സംബന്ധിച്ച നിബന്ധന വ്യവസ്ഥകൾക്കും വിധേയമായി പട്ടികജാതി/ പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവായ 02.06.2020 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 2020/2020/റവ, 25.01.2021 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 277/2021/റവ നമ്പർ ഉത്തരവുകളിൽ ഭേദഗതി വരുത്തിയാണ് 4.11.2023-ലെ ജി ഒ (ആർ.റ്റി) നം. 3966/2023/ ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.<br><br>BTR പ്രകാരം 'പുറമ്പോക്ക്' എന്നും പട്ടാദാരന്റെ പേര് "സർക്കാർ" എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിമാർക്ക്സ് കോളത്തിൽ "റിസർവ്വ് വനം" എന്ന് രേഖപ്പെടുത്തിയിട്ടുമുള്ളതിനാൽ ഭൂമി പതിച്ചു നൽകുന്നതിൽ ചില എതിർപ്പുകൾ ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ സ്പഷ്ടീകരണം വേണമെന്നും റിസർവ്വ് വനഭൂമി പ്രത്യേകമായി ജണ്ടയിട്ട് തിരിച്ചിട്ടുണ്ടെങ്കിലും റീസർവ്വേ നടന്നപ്പോൾ സബ് ഡിവിഷൻ നടത്താതെ പ്രസ്തുത ഭൂപ്രദേശം ഒന്നാകെ ഒരു മൈനർ സർക്യൂട്ട് ആയി സർവ്വെ ചെയ്തതുമൂലം മൈനർ സർക്യൂട്ടിനുള്ളിൽ വനഭൂമിയും ജണ്ടക്കു പുറത്തുള്ള ജനവാസമേഖലയും ഉൾപ്പെട്ടു |

| | | | |
|---|---|---|---|
| | | | വന്നതുമൂലമാണ് മുഴുവൻ ഭൂമിയുടെയും റിമാർക്സ് കോളത്തിൽ റിസർവ്വ് വനം എന്ന് രേഖപ്പെടുത്താൻ ഇടയായത് എന്നും ഇടുക്കി ജില്ലാ കളക്ടർ വിശദീകരണം നൽകിയിരുന്നു. ഭൂമി തലമുറകളായി കൈവശം വച്ച് കൃഷി ചെയ്തു വരുന്നതിനാൽ കൈവശത്തിന്റെ കാലപഴക്കം നിർണ്ണയിക്കുവാൻ കഴിയാത്തവിധം ഈ പ്രദേശങ്ങൾ എല്ലാം തന്നെ പൂർണ്ണമായി ജനവാസ മേഖലയാണെന്നും, കൂടാതെ സെറ്റിൽമെന്റ് രജിസ്റ്റർ, പഴയ BTR എന്നിവയിൽ റിസർവ്വ് വനം എന്ന രേഖപ്പെടുത്തലുകൾ ഇല്ലെന്നും ജില്ലാ കളക്ടർ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതും സെറ്റിൽമെന്റ് രജിസ്റ്റർ, റീസർവ്വേയ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന BTR എന്നിവ പ്രകാരം പുറമ്പോക്ക്/പുരയിടം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ റവന്യൂ രേഖകളിൽ പട്ടാദാരന്റെ പേര് "സർക്കാർ" എന്നും വസ്തുവിന്റെ വിവരണം/റിമാർക്സ് എന്നീ കോളങ്ങളിൽ "റിസർവ്വ് വനം" എന്നും രേഖപ്പെടുത്തിയിട്ടുള്ള ഭൂമികളിലെ റിസർവ്വ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതിരിക്കുന്ന സാഹചര്യത്തിൽ അത്തരം രേഖപ്പെടുത്തലുകൾ കണക്കിലെടുക്കാതെ തന്നെ 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പ്രസ്തുത ഭൂമിയുടെ പതിവിനുള്ള യോഗ്യത/വിനിയോഗം/ കൈവശങ്ങളുടെ പഴക്കം/സ്വഭാവം എന്നിവ പരിഗണിച്ച് യോഗ്യമായ കൈവശങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേ സബ്ബ് ഡിവിഷൻ ചെയ്ത് ടി ഭൂമിയുടെ തൽസ്ഥിതി പ്രകാരം റിക്കോർഡുകൾ തയ്യാറാക്കി പതിവ് നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് 02.06.2020 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 2020/2020/റവ, 25.01.2021 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 277/2021/റവ നമ്പർ ഉത്തരവുകളിൽ വ്യക്ത വരുത്തിയാണ് 4.11.2023-ലെ ജി. ഒ (ആർ റ്റി) നം. 3966/2023/ആർ ഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.<br><br>പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വിഷയം മറ്റ് ജില്ലകളിൽ കണ്ടെത്തുകയാണെങ്കിൽ ഉത്തരവ് മറ്റ് ജില്ലകൾക്ക് കൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ